പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2567 18.06.2014 ൽ മറുപടി നൽകേണ്ടിയിരുന്നത്

## ഒ. എൽ. എച്ച് കോളനികളിൽ താമസിക്കുന്നവർക്ക് പട്ടയം

| ചോദ്യം | | എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | അന്തിമമറുപടി | |
| (എ) | ഒ.എൽ.എച്ച് കോളനികളിൽ താമസിക്കുന്നവർക്ക് പട്ടയം നൽകുന്ന കാര്യം പരിശോധിക്കുമോ; | (എ) | ഒ.എൽ.എച്ച് കോളനികളിൽ താമസിക്കുന്നവർക്ക് ഗ്രാമപഞ്ചായത്തിന്റെ അനുവാദ പത്രികയും കക്ഷിയുടെ അപേക്ഷയും ലഭിക്കുന്ന മുറയ്ക്ക് നിലവിലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പട്ടയം അനുവദിച്ചു വരുന്നു. |
| (ബി) | പ്രസ്തുത കോളനികളിലെ സ്ഥലം കൈമാറ്റം ചെയ്യാൻ പാടില്ല എന്ന വ്യവസ്ഥ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | 20.05.97 ലെ ജി.ഒ.(എം.എസ്) 355/97/ ആർ.ഡി നമ്പർ സർക്കാർ ഉത്തരവിൽ ഭൂമി അന്യാധീനപ്പെടുത്താൻ പാടില്ല എന്ന വ്യവസ്ഥ ചെയ്തിട്ടുണ്ട്. 30.06.2015 ലെ സ.ഉ.(കൈ) നം.259/15/റവ നമ്പർ ഉത്തരവിൽ 25 വർഷം ഭൂമി കൈമാറ്റം ചെയ്യാൻ പാടില്ല എന്ന ഭൂമി പതിവ് ചട്ടത്തിലെ വ്യവസ്ഥ വച്ചായിരിക്കണം പുതിയ പട്ടയങ്ങൾ നൽകേണ്ടതെന്നും എന്നാൽ ഒഴിവാക്കാനാവാത്ത സാഹചര്യത്തിലാണ് കൈമാറ്റം നടത്തിയത് എങ്കിൽ അവ അംഗീകരിച്ച് പോക്കുവരവ് അനുവദിക്കാവുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (സി) | ഒ.എൽ.എച്ച് കോളനികളിലെ സ്ഥിര താമസക്കാർക്ക് സ്വന്തം പേരിൽ സ്ഥലം ഇല്ല എന്ന കാരണത്താൽ ആനുകൂല്യങ്ങൾ നിഷേധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഒ.എൽ.എച്ച് കോളനിയിലെ ഗുണഭോക്താക്കൾ ഭൂമി കൈമാറ്റം ചെയ്തിട്ടുള്ള സാഹചര്യത്തിൽ നിലവിലുള്ള കൈവശക്കാരന് പഞ്ചായത്ത് നൽകുന്ന അനുവാദ പത്രികയുടെ അടിസ്ഥാനത്തിലാണ് പട്ടയം അനുവദിച്ച് നൽകി വരുന്നത്. അപ്രകാരം ഭൂമിയുടെ ഉടമസ്ഥാവകാശം ലഭിക്കാത്തവർക്ക് ആനുകൂല്യങ്ങൾ ലഭിക്കാത്ത സാഹചര്യം നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ